
# മുസ്‌ലിം സ്ത്രീ വിദ്യാഭ്യാസം

ഇന്ന് ഏവരുടെയും ശ്രദ്ധയും പരിഗണനയും അർഹിക്കുന്ന ഒരു വിഷയമാണ് മുസ്ലിം സ്ത്രീവിദ്യാഭ്യാസം. എഴുത്തും വായനയും വിലക്കപ്പെട്ടതു കാരണം അജ്ഞതയിലും അന്ധവിശ്വാസങ്ങളിലും കഴിഞ്ഞുകൂടുകയായിരുന്നു മുസ്ലിം സ്ത്രീകൾ. കരിപിടിച്ച അടുക്കളച്ചുമരുകൾക്കുള്ളിൽ ഒതുങ്ങിനിന്നു അവരുടെ ലോകം. ആഗ്രഹസഫലീകരണത്തിനും രോഗശമനത്തിനും ഉറുക്കും മന്ത്രവാദവും പിഞ്ഞാണം എഴുതി കുടിക്കലും ഇവർ പതിവാക്കി. സ്ത്രീയുടെ പ്രഥമ കർത്തവ്യമായ ഉത്തമ ഗൃഹനായിക എന്ന നിലയിൽപ്പോലും വിജയിക്കാൻ പറ്റാത്ത സാഹചര്യം. സ്വന്തം കുഞ്ഞുങ്ങളെ ആരോഗ്യത്തോടെ എങ്ങിനെ വളർത്താം, വീടും പരിസരവും ഭംഗിയായും വൃത്തിയായും എങ്ങിനെ സജ്ജീകരിക്കാം, സ്വന്തം വരുമാനപരിധിയിൽനിന്നുകൊണ്ടുതന്നെ പോഷകപ്രദമായ വിഭവങ്ങൾ എങ്ങിനെ ഒരുക്കാം — സ്ത്രീയെ സംബന്ധിച്ചിടത്തോളം അനിവാര്യമായ ഇത്തരം കാര്യങ്ങൾ പോലും ഇവർക്ക് അറിഞ്ഞുകൂടായിരുന്നു. അനായാസം സാധിക്കാവുന്ന പ്രതിരോധകുത്തിവെയ്പും വാക്സിനും എടുക്കാത്തതു കാരണം മാരകമായ പിള്ളവാതം,കൊക്കക്കുര, ഡിഫ്തീരിയ, ക്ഷയരോഗം, ടെറ്റനസ് മുതലായ രോഗങ്ങൾ മൂലവും; അശ്രദ്ധകൊണ്ട് വരുന്ന മഞ്ഞപ്പിത്തം, ടൈഫോയിഡ്, വയറ്റിളക്കം, ഛർദ്ദി മുതലായ പകർച്ചവ്യാധികൾ കൊണ്ടും കഷ്ടപ്പെടുന്ന കുഞ്ഞുങ്ങളുടെയും അവരുടെ ഉമ്മമാരുടെയും എണ്ണം മിക്ക ആസ്പത്രികളിലും നഴ്സിങ്ങ് ഹോമുകളിലും പെരുകിവരുന്നത് മനസ്സിലാക്കുമ്പോൾ, ദൂരെ സ്ഥലത്തുള്ള ഭർത്താവയച്ച കത്തിൻെറ ഉള്ളടക്കം വായിക്കാനറിയാതെ അന്യരുടെ അടുത്തേക്ക് ഓടിപ്പോകുന്ന നമ്മുടെ സഹോദരിമാരെ ഓർക്കുമ്പോൾ, വിദ്യാഭ്യാസ — സാമൂഹ്യ — സാംസ്കാരിക രംഗങ്ങളിൽ അനുസ്യൂതം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇതര സമുദായങ്ങളിലെ സഹോദരിമാരെ സ്വന്തം പടുകുഴിയിൽനിന്ന് അന്തംവിട്ടുനോക്കുന്ന മുസ്ലിം സഹോദരിമാരെ കാണുമ്പോൾ, സങ്കടം തോന്നാത്ത മനസ്സുണ്ടോ? സഹതപിക്കാത്ത മനുഷ്യരുണ്ടോ? എന്നാൽ ഇവർക്കു വേണ്ടത് സങ്കടവും സഹതാപവും അല്ല! അന്ധകാരത്തിൽനിന്നും അജ്ഞതയിൽനിന്നും അവരെ കരകയറ്റാനുതകുന്ന കർമ്മപദ്ധതികളാണ്!

വേദനിക്കുന്ന അനുഭവങ്ങളിൽക്കൂടിയാണെങ്കിലും വിദ്യാഭ്യാസത്തിൻെറ വില ഇന്ന് മുസ്ലിം സമുദായം മനസ്സിലാക്കുന്നു. ഇതിൻെറ ഫലമായി സമുദായത്തിൽ പല മാറ്റങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ആൺകുട്ടികളും പെൺകുട്ടികളും സ്കൂളിൽ പോയിത്തുടങ്ങിയിട്ടുണ്ട്. എന്നാൽ ഉയർന്ന ക്ലാസ്സുകളിലേക്കും കോളേജുകളിലേക്കും എത്തുമ്പോൾ ഇവരുടെ എണ്ണം കുറഞ്ഞു വരുന്നു. ഗ്രാമപ്രദേശങ്ങളിൽ ഹൈസ്കൂൾനിലവാരത്തിനപ്പുറമുള്ള വിദ്യാഭ്യാസകേന്ദ്രങ്ങളുടെ കുറവും ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച അറിവില്ലായ്മയും ഇതിൻെറ കാരണങ്ങളിൽ ചിലതായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പെൺകുട്ടികൾക്കു മാത്രമായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ പട്ടണങ്ങളിൽ പോലും വിരളമത്രേ.

*'സ്ത്രീ വിദ്യാഭ്യാസത്തിൻെറ അനിവാര്യതയിലൂന്നിക്കൊണ്ടുള്ള പ്രായോഗികമായ ഒരു വിദ്യാഭ്യാസ കർമ്മപദ്ധതിയാണ് മുസ്ലിം സ്ത്രീകൾക്കായി ലേഖിക നിർദേശിക്കുന്നത്.*



ഖമറുന്നീസ അൻവർ

വിദ്യാഭ്യാസ വിചക്ഷണന്മാർ ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ കാര്യങ്ങൾ ഇനിയും നിരവധിയുണ്ട്. അതിൽ പ്രഥമസ്ഥാനം അർഹിക്കുന്നതാണ് വയോജനവിദ്യാഭ്യാസം. മുതിർന്നവരുടെ വിദ്യാഭ്യാസപ്രശ്നങ്ങൾ കൂടി പഠിക്കുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം. മുതിർന്നവർക്ക് ചുരുങ്ങിയത് അക്ഷരാഭ്യാസമെങ്കിലും ലഭിക്കാവുന്ന ഒരു പരിതസ്ഥിതി ഉണ്ടാക്കണം. ഇതിന് സർക്കാറിന്റെയും സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ശ്രമിക്കുന്നത് നന്നായിരിക്കും. മുസ്ലിം ജനസംഖ്യ കൂടുതലുള്ള മലപ്പുറം, കോഴിക്കോട് ജില്ലകളിൽ സ്ത്രീകളുടെ സാക്ഷരതാ ശതമാനം വളരെ കുറവാണ്. സ്റ്റേറ്റിലെ മറ്റു ജില്ലകളെ അപേക്ഷിച്ച് കാസർക്കോഡ്, പാലക്കാട്, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകൾ സാക്ഷരതയിൽ പൊതുവെ പിന്നോക്കമാണെന്നു കണക്കുകൾ കാണിക്കുന്നു. ഇവിടങ്ങളിൽ പുരുഷന്മാരുടെ സാക്ഷരതാ ശതമാനം 65.93 ആയിരിക്കുമ്പോൾ സ്ത്രീകളുടെത് 55.34 ശതമാനം മാത്രമാണ്. വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരുകാരണം സാമ്പത്തിക പിന്നോക്കാവസ്ഥയായിരുന്നു. പക്ഷേ ചില പ്രദേശങ്ങളിൽ ഗൾഫ് പണം വന്നപ്പോൾ സാമ്പത്തിക പിന്നോക്കാവസ്ഥ മാറി എങ്കിലും വിദ്യാഭ്യാസ പിന്നോക്കാവസ്ഥ നിലനില്ക്കുന്നു എന്നത് അത്ഭുതകരമായ ഒരു പരമാർത്ഥമാണ്.

മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിക്കനുയോജ്യമായതും നാട്ടിനും വീട്ടിനും ഉപകാരപ്രദമായ വിധത്തിൽ ഉത്തമപൗരന്മാരെ വാർത്തെടുക്കുന്നതുമായ വിദ്യാഭ്യാസമാണ് ഇന്ന് നമ്മുടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യം. ദ്രുതഗതിയിൽ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്ന മറ്റു രാഷ്ട്രങ്ങളോട് കിടപിടിക്കണമെങ്കിൽ ഉയർന്ന സാങ്കേതിക വിജ്ഞാനവും നവീന വിദ്യാഭ്യാസ രീതികളും കൂടിയേ കഴിയൂ. ടീച്ചറായാലും കലക്ടറായാലും പ്രാഥമികമായി സ്ത്രീകൾക്കാവശ്യം മാതൃകാഗൃഹനായികയും ഉത്തമഭാര്യയും മാതാവും ആകുവാൻ സഹായകമാകുന്ന വിദ്യാഭ്യാസമാണ്. ഇതിന് 'ഹോംസയൻസ് കോഴ്സു'കൾ സ്ത്രീകൾക്ക് അനിവാര്യമാണ്. ഇവിടെ ന്യൂട്രീഷൻ, ശിശുപരിപാലനം, പാചകം, വസ്ത്രനിർമ്മാണം, സാമൂഹ്യശാസ്ത്രം, ശരീരശാസ്ത്രം, ജീവതന്ത്രം, ധനശാസ്ത്രം, ഗൃഹഭരണം എന്നിങ്ങനെ പല വിഷയങ്ങളും അവർ പഠിക്കുന്നു. കോളേജുകളെ മാത്രമല്ല സ്കൂളുകളിൽനിന്നുതന്നെ ഈ വിഷയങ്ങൾ അഭ്യസിച്ചു തുടങ്ങാവുന്നതാണ്. എന്നാൽ നമ്മുടെ എത്ര സ്കൂളുകളിലും കോളേജുകളിലും ഇവ അഭ്യസിപ്പിക്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും എറണാകുളത്തും മാത്രമാണ് 'ഹോംസയൻസി'ൽ ഡിഗ്രി കോഴ്സുള്ളത്. അങ്കമാലിയിലും കൂത്തുപറമ്പിലും കോഴിക്കോട്ടും ഉള്ളത് ഡിപ്ലോമയും സർട്ടിഫിക്കറ്റ് കോഴ്സുമാണ്. ഫാറൂഖ് കോളേജ് പോലുള്ള ധാരാളം മുസ്ലിം പെൺകുട്ടികൾ പഠിക്കുന്ന, നേരത്തെ തന്നെ അംഗീകാരം നേടിയിട്ടുള്ള കോളേജുകൾ ഹോംസയൻസ് ഡിഗ്രിയും ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വാച്ച്, റേഡിയോ, ടെലിവിഷൻ പോലുള്ള ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിങ്, ടെക്സ്റ്റൈൽ ഡിസൈനിംഗ്, ഇൻറീരിയർ ഡെക്കറേഷൻസ്, പ്രിൻറിങ്, ഫുഡ്ക്രാഫ്റ്റ്സ്, ബേക്കറി, പാചകവിദ്യ, കാനിങ്, പ്രിസർവേഷൻ, തുന്നൽ മുതലായവയിൽ സ്ത്രീകൾക്കു പരിശീലനം നല്കുന്നത് അവർക്കെന്നപോലെ രാഷ്ട്രപുരോഗതിക്കും ഒരു വലിയ മുതൽക്കൂട്ടായിരിക്കും. സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടി വളരെയധികം മുറവിളികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ രംഗത്ത് ആർക്കും കാര്യമായി ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. സ്ത്രീകൾക്കുവേണ്ടി എത്ര വനിതാ പോളിടെക്നിക്കുകൾ ഇവിടെ ഉണ്ട്? ഈ അടുത്ത കാലത്തായി കേന്ദ്ര ഗവർമെണ്ടും കേരള ഗവർമെണ്ടും സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി പല പുതിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ടെന്നുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇവയുടെ പ്രയോജനം ലഭിക്കേണ്ട സ്ത്രീകൾ ഇവയെപ്പറ്റി അജ്ഞരാണെന്നത് ഒരു ദുഃഖസത്യമത്രേ. കേരളാസ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ് സ്ത്രീകൾക്കുവേണ്ടി നടത്തുന്ന കണ്ടൻസ്ഡ് എസ്.എസ്.എൽ.സി. കോഴ്സ്, തൊഴിൽ പരിശീലനം ലക്ഷ്യംവച്ചുകൊണ്ടുള്ള വൊക്കേഷണൽ കോഴ്സുകൾ, ദീർഘകാലത്തെ ശ്രമഫലമായി അടുത്തകാലത്തു സർക്കാർ ആരംഭിച്ചിരിക്കുന്ന വിമൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ എന്നിവയെപ്പറ്റി അധികമാളുകളും അജ്ഞരാണ്. ഒരു വ്യക്തിയോ സംഘടനായോ മാത്രം പോരാ സർക്കാറും മറ്റു ഏജൻസികളും സന്നദ്ധസംഘടനകളും ഇവയെപ്പറ്റി പൊതുജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ മുന്നോട്ട് വരേണ്ടതുണ്ട്. വിദ്യാഭ്യാസ — സാഹമൂഹ്യ — സാമ്പത്തിക മണ്ഡലങ്ങളിൽ പിന്നോക്കം നില്ക്കുന്ന വടക്കൻ ജില്ലകൾക്ക് ഇതുപോലുള്ള പദ്ധതികൾ കൂടുതൽ പ്രയോജനപ്പെടുവാൻ സർക്കാരും ജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണം. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉന്നത വിദ്യഭ്യാസ നിലവാരമുള്ള കേരളത്തിൽ പോലും സംസ്ഥാനത്തിൻെറ വടക്കൻ ജില്ലകളിൽ മുസ്ലിം സ്ത്രീവിദ്യാഭ്യാസം വളരെ പരിതാപകരമായ നിലയിലാണ്. വിദ്യാഭ്യാസത്തിന് ഏറ്റവും അധികം പ്രാധാന്യവും പ്രോത്സാഹനവും നല്കുന്ന ഒരു മതത്തിൻെറ അനുയായികളാണ് നാം. വിജ്ഞാന സമ്പാദനം ഓരോ സ്ത്രീ-പുരുഷൻെറയും ബാദ്ധ്യതയായി ഇസ്ലാം അനുശാസിക്കുന്നു. നമുക്കറിയാം -ഇഖ്റഅ്- വായിക്കുക എന്ന് കല്പിച്ചുകൊണ്ടാണ് പരിശുദ്ധ ഖുർആൻ ഇറങ്ങിയത് തന്നെ. ഇസ്ലാമിലെ ഒരു മാതൃകാ വനിതയും മുഹമ്മദ് നബി(സ)യുടെ പ്രിയ പത്നിയുമായിരുന്ന ആയിഷ (റ) ഒരു ഉജ്ജ്വലവാഗ്മിയും മഹാപണ്ഡിതയും, സാഹിത്യകാരിയും പടനായികയും എല്ലാമായിരുന്നു. എന്നിട്ടും മുസ്ലിം സ്ത്രീകൾക്ക് വിദ്യാഭ്യാസവും ജോലി സ്വീകരിക്കാനുള്ള അവകാശവും നിഷേധിക്കുന്നത് കേവലം മൗഢ്യമോ സ്വാർത്ഥതയോ അല്ലാതെ മറ്റെന്താണ്? സ്വഭാവം, നടപ്പ്, വേഷം, സംസ്കാരം എന്നിത്യാദി കാര്യങ്ങളിലെല്ലാം മുസ്ലിം സ്ത്രീകൾ ഇസ്ലാമിൻെറ വിധിവിലക്കുകൾ അനുസരിച്ചു ജീവിക്കുന്നത് അവർക്ക് ഇഹ-പര വിജയം ഒന്നായി കരസ്ഥമാക്കാൻ സഹായകമാകും. ഭൗതിക വിദ്യാഭ്യാസ സമ്പാദനത്തിൻെറ തിരക്കിൽ നാം ആരുംതന്നെ ആത്മീയവിദ്യാഭ്യാസത്തെ മറക്കരുത്. ഭൗതിക വിദ്യാഭ്യാസവും ആത്മീയ വിദ്യാഭ്യാസവും ഉണ്ടായാൽ മാത്രമേ മനുഷ്യന് യഥാർത്ഥ പുരോഗതി നേടാൻ സാദ്ധ്യമാകുകയുള്ളൂ.

U